بسم الله الرحمن الرحيم

19.12.2008
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# രോഗശമനം നല്‍കുന്നവന്‍ അല്ലാഹു മാത്രം

ലോകത്ത് കോടിക്കണക്കിന് ജനങ്ങള്‍ നിത്യവും വിവിധരോഗങ്ങള്‍ക്കും വിപത്തുകള്‍ക്കും ഇരയായിക്കൊണ്ടിരിക്കുകയാണ്. വലിയ ഏതെങ്കിലും ആശുപത്രി സന്ദര്‍ശിക്കുകയാണെങ്കില്‍ ലോകത്ത് രോഗികളല്ലാതെ മറ്റാരുമില്ല എന്ന് തോന്നിപ്പോകും. പാശ്ചാത്യ വികസിത രാജ്യങ്ങളില്‍ ചികിത്സക്കുള്ള വിവിധ സൗകര്യങ്ങള്‍ ഉള്ളതുകൊണ്ട് ജനങ്ങള്‍ അതിനെ പ്രയോജനപ്പെടുത്തുന്നു. എന്നാല്‍ മൂന്നാംലോക ദരിദ്ര രാഷ്ട്രങ്ങളില്‍ സാമ്പത്തികശേഷി ഇല്ലാത്തതുകാരണം ലക്ഷക്കണക്കിന് രോഗികള്‍ ചികിത്സ കിട്ടാതെ വലയുന്നതായി കാണാം. രോഗാവസ്ഥയില്‍ അവരുടെ സ്ഥിതി വളരെ പരിതാപകരമാണ്. അവിടെയുള്ള ആശുപത്രികളില്‍ എത്തിയാല്‍ തന്നെ അവിടെ വേണ്ടത്ര സൗകര്യങ്ങളും ലഭ്യമല്ല. ഇനി ആശുപത്രിയില്‍ സൗകര്യമുണ്ടെങ്കില്‍ അവിടെ ഡോക്ടര്‍ ലഭ്യമായിരിക്കില്ല. ഇതുമൂലം ചികിത്സ ലഭിക്കാതിരിക്കുന്നു. പറയുന്നതിന്റെ ചുരുക്കം, ലോകത്ത് ലക്ഷക്കണക്കിന് ആളുകള്‍ രോഗത്തിന്റെ പിടിയിലാണ്. ചികിത്സാസൗകര്യം ലഭിക്കുകയും ശമനം വിധിക്കപ്പെടുകയും ചെയ്തവര്‍ സുഖം പ്രാപിക്കുന്നു. ചിലര്‍ തങ്ങളുടെ ***നിര്‍ണ്ണിത സമയം*** പ്രാപിക്കുന്നു. അങ്ങിനെയുള്ളവര്‍ക്ക് ഒരു ചികിത്സയും ഫലം ചെയ്യുന്നതല്ല. പലരും തങ്ങളുടേതായ തെറ്റുകള്‍ കാരണം രോഗത്തിന്റെ പിടിയില്‍ വരുന്നു. ചിലരാണെങ്കില്‍ ചെറുപ്രായത്തില്‍ ബാഹ്യമായി നോക്കിയാല്‍ നല്ല ആരോഗ്യവാനായിരിക്കുന്ന അവസ്ഥയില്‍ തന്നെ പെട്ടെന്ന് നിസ്സാരമായ രോഗം വരികയും അത് മൂര്‍ച്ഛിക്കുകയും ചികിത്സ ചെയ്തിട്ടും സുഖം പ്രാപിക്കാത്ത ഒരവസ്ഥയില്‍ എത്തിച്ചേരുകയും ചെയ്യുന്നു. അവരുടെ ജീവിതം രക്ഷപ്പെടുത്തുന്നതിന്നായി കഴിവിന്റെ പരമാവധി ശ്രമിച്ചു നോക്കിയിട്ടും അവരുടെ *അജലെ മുസമ്മ* നിര്‍ണ്ണിത സമയം എത്തുന്നതിനു മുമ്പേ അവര്‍ ഇവിടെ നിന്ന് വിട പറയുന്നു.

ഇതിനുവിരുദ്ധമായി ചിലര്‍ക്ക് ചികിത്സാ സൗകര്യങ്ങള്‍ ലഭ്യമല്ലാതിരുന്നിട്ടും ദാരിദ്ര്യം കാരണം ചികിത്സ ചെയ്യാന്‍ സാധിക്കാതിരുന്നിട്ടും അപകടകരമായ രോഗാവസ്ഥയില്‍നിന്നും അല്ലാഹു ശിഫാ നല്‍കുന്നു. തുടര്‍ന്ന് അവര്‍ ഒരു ദീര്‍ഘകാലം ജീവിക്കുകയും ചെയ്യുന്നു. ചിലരാണെങ്കില്‍ എല്ലാതരം ചികിത്സകളും ചെയ്തുനോക്കിയിട്ടും എല്ലാം പരാജയപ്പെട്ടതിനുശേഷം ഏതെങ്കിലും ഒരു ഭക്തദാസന്റെ പ്രാര്‍ത്ഥന മുഖേനയോ അതല്ലെങ്കില്‍ തന്റെ തന്നെ പ്രാര്‍ത്ഥനയുടെ ഫലമായോ സുഖം പ്രാപിക്കുന്നു. ഈ എല്ലാ കാര്യങ്ങളുംതന്നെ ഒരു സദ്പ്രകൃതക്കാരനെ സംബന്ധിച്ചെടുത്തോളം ഇതിന്റെ പിന്നില്‍ പ്രവര്‍ത്തിക്കുന്ന ഒരു മഹത്ശക്തിയുണ്ടെന്നതിലേക്ക് ചിന്തിക്കാന്‍ കാരണമായിത്തീരേണ്ടതാണ്. രോഗശമനത്തിന് കാര്യകാരണക്കാരനായ ഒരു അസ്ഥിത്വം ഉണ്ടെന്ന് ഇതെല്ലാം തെളിയിക്കുന്നു. ചില സന്ദര്‍ഭങ്ങളില്‍ ചികിത്സ എല്ലാം പരാജയപ്പെട്ടതിനു ശേഷവും, ചിലപ്പോള്‍ ചികിത്സ ഇല്ലാതെയും ദൈവസാമീപ്യമുള്ള ഒരു ഭക്തദാസന്റെ ദുആ മുഖേന മരിച്ചു എന്ന് കരുതിയവര്‍ പോലും മരണത്തിന്റെ പിടിയില്‍ നിന്നും രക്ഷപ്പെടുന്നു. ഇതെല്ലാം തെളിയിക്കുന്നത് രോഗശമനത്തിന്റെ കാര്യകാരണം ചികിത്സ അല്ല എന്നും രോഗശമനം നല്‍കുന്നത് അല്ലാഹുവിന്റെ അസ്തിത്വമാണെന്നുമാണ്. ഇസ്‌ലാം നമുക്ക് പഠിപ്പിച്ചുതരുന്നത് ഇതാണ്. ഈ കാര്യത്തില്‍ ഒരു വിശ്വാസിക്ക് ദൃഢവിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ഒരു സദ്പ്രകൃതക്കാരനായ വ്യക്തി ചിന്തിച്ചതിനുശേഷമാണ് ഈ യാഥാര്‍ത്ഥ്യത്തിലേക്ക് വരുന്നതെങ്കില്‍ ഒരു വിശ്വാസി രോഗശമനം നല്‍കുന്നത് അല്ലാഹു തന്നെയാണെന്ന് ഉറച്ചു വിശ്വസിക്കുന്നു. ഒരു വിശ്വാസിയുടെ മുമ്പില്‍ ഏതൊരു രോഗി സുഖം പ്രാപിക്കുമ്പോഴും അദ്ദേഹത്തിന് അല്ലാഹുവിന്റെ ശാഫി എന്ന ഗുണനാമത്തില്‍ വിശ്വാസം വര്‍ദ്ധിക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ ശാഫി എന്ന ഗുണം മനുഷ്യനില്‍ മാത്രം പരിമിതമല്ല, അത് എല്ലാ പക്ഷിമൃഗാധികളിലും വൃക്ഷലതാദികളിലും തന്റെ പ്രഭാവം വെളിപ്പെടുത്തുന്നു.

ഇക്കാലത്ത് മനുഷ്യന്‍ പക്ഷിമൃഗാധികളിലും സസ്യങ്ങളിലും മറ്റും ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അവര്‍ അവയെ എല്ലാം ചികിത്സിക്കുകയും ചെയ്യുന്നു. ഇന്ന രീതിയില്‍ ചികിത്സിച്ചാല്‍ സുഖം പ്രാപിക്കുമെന്ന് മനുഷ്യന് അല്ലാഹു പറഞ്ഞുകൊടുക്കുന്നു. സസ്യങ്ങളില്‍ ഉണ്ടാകുന്ന രോഗങ്ങളെ കുറിച്ച് ഇന്ന് ഗവേഷണങ്ങള്‍ നടന്നുകൊണ്ടിരിക്കുകയാണ്. അതിനുള്ള ചികിത്സയും മനുഷ്യര്‍ കണ്ടുപിടിക്കുന്നു. ആ ചികിത്സയില്‍ അല്ലാഹു രോഗശമനം ഇടുന്നു. വളര്‍ത്തുമൃഗങ്ങളില്‍ മാത്രമല്ല വന്യമൃഗങ്ങളിലും ഇക്കാലത്ത് ഗവേഷണങ്ങള്‍ നടന്നുകൊണ്ടിരിക്കുകയാണ്. എന്നാല്‍ സൃഷ്ടികളില്‍ ഉത്തമസൃഷ്ടിയായ മനുഷ്യന് അല്ലാഹുതആല അവന്റെ ശാരീരിക രോഗശമനത്തോടൊപ്പം ആത്മീയ രോഗശമനത്തിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ആത്മീയപുരോഗതിക്കായും തന്റെ സാമീപ്യം പ്രധാനം ചെയ്യുന്നതിനും ആത്മീയ അശുദ്ധി ദുരീകരിക്കുന്നതിനുമായി അല്ലാഹുതആല തന്റെ പ്രവാചകന്മാരേയും സ്വാതികരേയും ലോകത്ത് അയക്കുന്നു.

മനുഷ്യന്‍ തനിക്ക് ലഭിച്ച ബുദ്ധി ശരിയായ രീതിയില്‍ പ്രയോഗിക്കുകയും തന്റെ ശാരീരികവും ആത്മീയവുമായ രോഗങ്ങളുടെ ശമനത്തിന്നായി അല്ലാഹു എന്തെ

ല്ലാം സംവിധാനങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്ന തെന്ന് അവൻ ചിന്തിക്കുകയും ചെയ്യുകയാണെങ്കിൽ അവൻ അല്ലാഹുവിന്റെ മുൻപിൽ സാഷ്ടാംഗം പ്രണ മിച്ചുപോകും.

ഇന്ന് ഞാൻ ശാരീരിക രോഗത്തെക്കുറിച്ചാണ് പ്രതി പാദിക്കാൻ ഉദ്ദേശിക്കുന്നത്. അല്ലാഹു തന്റെ ദാസർ ക്കായി രോഗശമനത്തിനായുള്ള എന്തെല്ലാം സംവിധാ നങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്! അല്ലാഹു തന്റെ മറ്റ് സൃഷ്ടികളെ ചികിത്സിക്കാനുള്ള ഉത്തരവാദിത്വവും മനുഷ്യനുതന്നെയാണ് നൽകിയിരിക്കുന്നത്. മനുഷ്യന്റെ രോഗങ്ങളെക്കുറിച്ചും അതിന്റെ ചികിത്സയെക്കുറിച്ചും നടന്നുവരുന്ന ഗവേഷണങ്ങൾക്ക് കയ്യും കണക്കുമില്ല. വൻരാഷ്ട്രങ്ങളിൽ ആരോഗ്യപരിപാലനവുമായി ബന്ധ പ്പെട്ട ഗവേഷണങ്ങൾക്കായി വൻതുകയാണ് ചെലവഴിക്ക പ്പെടുന്നത്. ഇക്കാലത്ത് പുതിയ മരുന്നുകളുടെ കണ്ടു പിടുത്തങ്ങളും വിവിധ ഓപ്പറേഷനുകളുടെയും ചികിത്സാ രീതികളുടെയും നവംനവങ്ങളായ ടെക്നിക്കുകളും -ഇതുമുഖേന മനുഷ്യൻ സുഖം പ്രാപിക്കുന്നു- എല്ലാം തന്നെ മനുഷ്യന് നേടാൻ സാധിച്ചത് അല്ലാഹു അവന് നൽകിയിരിക്കുന്ന കഴിവുകളെ അവൻ ശരിയായ ദിശ യിൽ ഉപയോഗപ്പെടുത്തിയതുകൊണ്ടാണ്.

ഇക്കാലത്ത് വികസിതരാജ്യങ്ങളിൽ രോഗചികിത്സ എത്രയോ ശതമാനം കണ്ട് വർദ്ധിച്ചിട്ടുണ്ട്. എന്നാൽ കുറച്ച് വർഷങ്ങൾക്ക് മുൻപ് ചില രോഗങ്ങളുടെ ചികിത്സ യെകുറിച്ച് ചിന്തിക്കാൻ പോലും പറ്റിയിരുന്നില്ല. ഇന്ന് അല്ലാഹുതആലാ ശാഫി നീ അല്ല ഞാനാണ് എന്ന് മനു ഷ്യനെ ബോധ്യപ്പെടുത്തുന്നതിന്നായി പ്രത്യക്ഷത്തിൽ പൂർണ്ണസുഖം പ്രാപിക്കും എന്ന് പ്രതീക്ഷിക്കുന്ന രോഗ ങ്ങൾ പോലും സുഖം പ്രാപിക്കാതിരിക്കുന്നു. അതിനാൽ ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ രോഗി യായാൽപോലും മുമ്പത്തെപ്പോലെ അവന്റെ ദൃഷ്ടി അല്ലാഹുവിലേക്ക് തിരിയേണ്ടതാണ്. അല്ലാതെ ഡോക്ട റിലേക്കല്ല തിരിയേണ്ടത്. തിരുനബി (സ) അധികപ്രസം ഗിയായ ഒരു വൈദ്യനോട് പറയുകയുണ്ടായി. *യഥാർത്ഥ ചികിത്സകൻ അല്ലാഹു തആലയാണ്. നീ സഹതാപം പ്രകടിപ്പിക്കുന്നവൻ മാത്രമാണ്. ഈ രോഗത്തിന്റെ യഥാ ർത്ഥ ചികിത്സകൻ അത് ഉണ്ടാക്കിയവൻ തന്നെയാണ്.* എന്തുതന്നെ ഇവിടെ ഉണ്ടാകുന്നതും അല്ലാഹുവിൽ നിന്നാണ്. അതായത് മനുഷ്യൻ ചെയ്യുന്ന തെറ്റുകളുടെ പരിണിതഫലമായി പ്രകൃതി നിയമം നടപ്പിൽ വരുകയും അതിന്റെ ഭവിഷ്യത്തുകൾ മനുഷ്യൻ അനുഭവിക്കുകയും ചെയ്യുന്നു.

തിരുനബി (സ) പറഞ്ഞതുപോലുള്ള ഒരു സംഭവം അദ്ദേഹത്തെ പരിപൂർണ്ണമായും പിൻപറ്റിയ അദ്ദേഹ ത്തിന്റെ സത്യസന്ധനായ ദാസൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജീവിതത്തിലുമുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിക്കൽ താനൊരു അഗ്രഗണ്യ നായ ഭിഷഗ്വരനാണെന്ന് ഗണിക്കുകയും അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വസിക്കാതിരിക്കുകയും ചെയ്ത ഡോക്ടറോട് ചികിത്സിക്കുന്നതിൽ നീരസം പ്രകടിപ്പി ക്കുകയും അങ്ങിനെയുള്ള വ്യക്തിയെ വെറുക്കുകയും ചെയ്യുകയുണ്ടായി. അങ്ങിനെയുള്ള ഒരു സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് (റ) എഴുതുന്നു,

*ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് തല ചുറ്റുന്ന രോഗമുണ്ടായിരുന്നു. ഈ രോഗം ചികിത്സിക്കുന്ന വളരെ വിദഗ്ദനായ ഒരു ഡോക്ടറെ കുറിച്ച് കേട്ടിരുന്നു. അങ്ങിനെ അദ്ദേഹത്തെ പണം നൽകി വളരെ ദൂരെയുള്ള സ്ഥലത്ത്നിന്ന് ക്ഷണിച്ചുവരുത്തി. അദ്ദേഹം ഹുസൂറിനെ കണ്ടതിനുശേഷം പറഞ്ഞു, രണ്ട് ദിവസങ്ങൾ കൊണ്ട് ഞാൻ അസുഖം ശരിയാക്കിത്തരാം. ഇത് കേട്ടപ്പോൾ ഹദ്റത്ത് സാഹിബ് വീട്ടിനകത്തേക്ക് പോയി. എന്നിട്ട് ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന് ഇപ്രകാരം ഒരു കുറി പ്പെഴുതി അയച്ചു. ഈ വ്യക്തിയെക്കൊണ്ട് ഞാൻ ഒരിക്ക ലും ചികിത്സിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇയാളെന്താ ദൈവമാണെന്ന് വാദിക്കുകയാണോ? ഇദ്ദേഹത്തിന് തിരിച്ചുപോകുവാനുള്ള വാടകയും 25 രൂപ അധികവും അയക്കുന്നു. ഇത് നൽകി അദ്ദേഹത്തെ ഇവിടെ നിന്ന് പറഞ്ഞയക്കുക.*

ഇതാണ് അല്ലാഹുവിന്റെ ആളുകളുടെ അവസ്ഥ. അവർക്ക് രോഗാവസ്ഥയിലും പൂർണ്ണമായ വിശ്വാസം അല്ലാഹുവിലായിരിക്കും. ഏതെങ്കിലും ഡോക്ടറിലോ മരുന്നിലോ അവർ ആശ്രയം കണ്ടെത്തില്ല. ഈ ആധു നികയുഗത്തിലും തിരുനബി(സ)ന്റെയും അദ്ദേഹത്തിന്റെ സത്യസന്ധനായ ദാസന്റെയും മാതൃകകൾ നമുക്ക് ഊർജ്ജം പകരുന്നതായിരിക്കണം. ഇക്കാലത്ത് പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ദിവസങ്ങളോളം ജീവനോടെ നിലനിർത്താൻ കഴിയുന്ന തും അഥവാ ജീവിതം പൂർവ്വസ്ഥിതിയിലാക്കാൻ ഉതകു ന്നതുമായ ലൈഫ് സപ്പോർട്ട് മെഷീനുകൾ കണ്ടുപിടി ച്ചിരിക്കുന്നു. ശസ്ത്രക്രിയകളുടെ പുതിയ പുതിയ രീതി കൾ കണ്ടുപിടിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ ആയുസ്സ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പണ്ടൊക്കെ ചികിത്സ ഇല്ലാതിരുന്ന രോഗങ്ങളുടെ ചികിത്സയെല്ലാം ഇപ്പോൾ വളരെ നിസ്സാരമായി കരുതുന്നു. അതിനാൽ ഈ പുരോഗതിയെല്ലാം കൈവരിച്ചതുകൊണ്ട് മനുഷ്യൻ അല്ലാഹുവിന്റെ അധികാരത്തിൽ കൈകടത്തിയെന്നോ ശമനം നൽകുന്നവൻ എന്ന ഗുണത്തിൽ പങ്കാളികളായെ ന്നോ നഊദുബില്ലാഹ്, ഒരിക്കലും ധരിച്ചുപോകരുത്. യഥാർത്ഥത്തിൽ ഇതെല്ലാം അല്ലാഹുവിന്റെ ഔദാര്യ മാണ്. അവൻ മനുഷ്യന് നവം നവങ്ങളായ ചികിത്സാ രീതികൾ കണ്ടുപിടിക്കുന്നതിനുള്ള ബുദ്ധിശക്തി നൽകു കയും അതു മുഖേന അല്ലാഹു അനുഗ്രഹം ചൊരിഞ്ഞു കൊണ്ട് രോഗശമനം നൽകുകയും ചെയ്യുന്നു. ചുരുക്ക ത്തിൽ ശാഫി അല്ലാഹു തന്നെയാണ്. തുരുനബി (സ) അരുളിയതുപോലെ മനുഷ്യൻ സഹതാപം പ്രകടിപ്പിക്കു ന്നവൻ മാത്രമാണ്. രോഗങ്ങളുടെ ചികിത്സക്കായി ഗവേ ഷണം നടത്തുന്ന ഓരോരുത്തരും ഡോക്ടർമാരും

വൈദ്യൻമാരും തന്റെ രോഗിയോടും മനുഷ്യരോടും സഹാനുഭൂതിയുള്ളവരായിത്തീർന്നു കൊണ്ട് അവരുടെ നന്മക്കായി പ്രവർത്തിക്കേണ്ടതാണ്. ഇതാണ് ഒരു വിശ്വാസിയുടെ അടയാളം. മറ്റുള്ളവർ ഇങ്ങിനെയൊന്നും ചിന്തിക്കില്ല. എന്നാൽ ഒരു അഹ്മദിയുടെ ചിന്താരീതി ഇത്തരത്തിലായിരിക്കേണ്ടതാണ്.

അതുകൊണ്ട് ഗവേഷകരും ഡോക്ടർമാരുമായ ഓരോ അഹ്മദിയും തന്റെ രോഗികൾക്കായി ഈ സഹിഷ്ണുതാമനോഭാവത്തോടുകൂടി സേവനനിരതരാകേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ ഡോക്ടർമാർ റബ്വയിലെ ആശുപത്രികളിലും ആഫ്രിക്കയിലെ ആശുപത്രികളിലും മരുന്നിന്റെ കുറിപ്പെഴുതുമ്പോൾ അതിന്റെ മുകളിൽ *ഹുവശ്ശാഫി* എന്നെഴുതാറുണ്ട്. ലോകത്തുള്ള എല്ലാ ഡോക്ടർമാരും തങ്ങളുടെ കുറിപ്പുകളിൽ ഇങ്ങിനെ എഴുതുകയും അതിന്റെ തർജ്ജമയും കൂടെ എഴുതുകയും ചെയ്യുകയാണെങ്കിൽ ഈ പ്രവൃത്തി മറ്റുള്ളവരിൽ നല്ല പ്രതികരണം ഉളവാക്കുന്നതിന്ന് കാരണമായിത്തീരുന്നതാണ്. ഇത് അല്ലാഹുവിന്റെ ഫള്ലിനെ ആകർഷിക്കുന്നതിന് കാരണമായിത്തീരുകയും ചെയ്യും. അല്ലാഹു ഇവരുടെ കരങ്ങൾ മുഖേന കൂടുതൽ ശിഫാ നൽകുകയും ചെയ്യുന്നതാണ്. മുതിർന്ന ഡോക്ടർമാർ ഈ രീതി സ്വീകരിച്ചിട്ടുണ്ടാകും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്നാൽ യുവതലമുറയിലുള്ള ഡോക്ടർമാർ ഇക്കാര്യത്തിൽ ശ്രദ്ധിച്ചിട്ടില്ലെങ്കിൽ അവരുടെ ശ്രദ്ധ ഞാൻ ഇതിലേക്ക് ക്ഷണിക്കുകയാണ്.

അല്ലാഹു നൽകിയിരിക്കുന്ന ബുദ്ധിയും അറിവും വെച്ചുകൊണ്ട് ഞാൻ ചികിത്സിക്കുന്നുണ്ടെങ്കിലും ശിഫാ നൽകേണ്ടത് അല്ലാഹുവാണെന്ന ബോധം ഓരോ അഹ്മദീഭിഷഗ്വരന്റെയും മനസ്സിൽ ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ കൽപ്പന ഉണ്ടെങ്കിലേ എന്റെ ചികിത്സയിൽ അനുഗ്രഹങ്ങൾ ഉണ്ടാവുകയുള്ളൂ. ഇങ്ങിനെ ഒരു ചിന്ത ഡോക്ടർമാർക്ക് ഉണ്ടാകുമ്പോൾ അവർ ദുആയിലേക്ക് ശ്രദ്ധിക്കുന്നതാണ്. ദുആയിലേക്ക് ശ്രദ്ധയുണ്ടായാൽ അദ്ദേഹത്തിന്റെ കൈകളാൽ ശിഫ വർദ്ധിക്കുകയും തന്മൂലം അല്ലാഹുവിന്റെ അസ്തിത്വത്തിൽ *യക്കീൻ*, ദൃഢവിശ്വാസം വർദ്ധിക്കുകയും ചെയ്യും. തന്മൂലം ആത്മീയതയിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്യുന്നു.

ഇതേ പോലെ രോഗികൾ മനസ്സിലാക്കേണ്ട ഒരു കാര്യം ഇന്ന ഡോക്ടർ ചികിത്സിച്ചാൽ മാത്രമേ തനിക്ക് സൗഖ്യം ലഭിക്കൂ എന്ന് വിചാരിക്കരുത്. അതുമല്ലെങ്കിൽ ഇന്ന ആശുപത്രിയിൽ ചികിത്സിച്ചാൽ മാത്രമേ ശരിയാവുകയുള്ളൂ എന്നും കരുതരുത്. ചില സ്ഥലങ്ങളിൽ സൗകര്യം ഉണ്ടാകും. അത് വിനിയോഗിക്കുന്നതിൽ തെറ്റില്ല. എന്നാൽ അതിൽ പൂർണ്ണമായും ആശ്രയിക്കുന്നത് ശരിയല്ല. ശാഫി അല്ലാഹു ആണ് എന്നകാര്യം എപ്പോഴും മനസ്സിലുണ്ടാകേണ്ടതാണ്. അല്ലാഹുവിന്റെ കൽപ്പനയുണ്ടായാൽ ഞാൻ സുഖം പ്രാപിക്കും. അതിനാൽ നാം പ്രാർത്ഥിക്കേണ്ടത് ഏത് ഡോക്ടർ ചികിത്സിച്ചാലും അല്ലാഹു അദ്ദേഹത്തിന്റെ കയ്യിൽ ശിഫ (രോഗശമനം) വെക്കട്ടെ എന്നാണ്. അദ്ദേഹത്തിന് ചികിത്സയുടെ ശരിയായ മാർഗ്ഗം കാണിച്ചുകൊടുക്കട്ടെ എന്നും പ്രാർത്ഥിക്കുക. ഓരോ അഹ്മദിയും ഇപ്രകാരം പ്രാർത്ഥിക്കേണ്ടതാണ്.

തങ്ങൾക്കോ തങ്ങളുടെ ബന്ധുമിത്രാദികൾക്കോ രോഗങ്ങളുണ്ടാകുമ്പോൾ അവർ എനിക്ക് എഴുതാറുള്ള കത്തുകളിൽനിന്ന് അഹ്മദികൾക്ക് ചികിത്സാകാര്യത്തിൽ അല്ലാഹുവിന്റെ അസ്തിത്വത്തിൽ ദൃഢവിശ്വാസമുണ്ടെന്ന് ബോധ്യമാകുന്നു. എന്നിരുന്നാലും ചിലരുടെ മനസ്സിൽ ഇന്ന ഡോക്ടർ ചികിത്സിച്ചാൽ മാത്രമേ രോഗം സുഖപ്പെടുകയുള്ളൂ എന്ന ഒരു ചിന്ത കടന്നുകൂടുന്നു. ഈ ചിന്ത ഗോപ്യമായ ശിർക്കിൽ ഉൾപ്പെടുന്നതാണ്.

ഇതു സംബന്ധമായി അതിവിദഗ്ദ ഭിഷഗ്വരനായ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ സംഭവങ്ങളിൽനിന്നുള്ള ഒരു സംഭവം ഞാൻ വിവരിക്കുകയാണ്. അദ്ദേഹം എഴുതുന്നു;

*എന്റെ സഹോദരിക്ക് ഒരു ആൺകുട്ടി ഉണ്ടായിരുന്നു. ആ കുട്ടി കോളറ പിടിപെട്ട് മരിച്ചു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ ഞാൻ അവളുടെ വീട്ടിൽ ചെന്നു. കോളറ പിടിപെട്ട ഒരു രോഗി എന്റെ കൈകൊണ്ട് സുഖം പ്രാപിച്ചതായി അവൾ അറിഞ്ഞു. ഇതറിഞ്ഞ് അവൾ എന്നോട് പറഞ്ഞു, സഹോദരാ! താങ്കൾ നേരത്തേ ഇവിടെ വന്നിരുന്നെങ്കിൽ എന്റെ മകൻ രക്ഷപ്പെടുമായിരുന്നു. ഇതു കേട്ടപ്പോൾ ഞാൻ അവളോട് പറഞ്ഞു, ഇനി നിനക്ക് ഒരാൺകുട്ടി ഉണ്ടാകും. അവൻ എന്റെ മുൻപിൽ കോളറ പിടിപെട്ട് മരിക്കുന്നതാണ്. പിന്നീട് അവൾ ഗർഭിണിയാവുകയും സുന്ദരനായ ഒരാൺകുഞ്ഞ് പിറക്കുകയും ചെയ്തു. ആ കുട്ടിക്കും കോളറ പിടിപെട്ടു. അപ്പോൾ അവൾക്ക് എന്റെ വാക്കുകൾ ഓർമ്മ വന്നു. എന്നോട് പറഞ്ഞു, ദുആ എങ്കിലും ചെയ്താലും. ഞാൻ പറഞ്ഞു, ഇതിനു ബദലായി അല്ലാഹു നിനക്ക് ഒരു കുട്ടിയെകൂടി തരുന്നതാണ്.ഇവൻ ഏതായാലും പോകട്ടെ. അങ്ങിനെ ആ കുട്ടി മരിക്കുകയും അതിനുശേഷം മറ്റൊരു കുട്ടി ജനിക്കുകയും ചെയ്തു. അവൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന് മാത്രമല്ല, ജോലിയും ചെയ്യുന്നുണ്ട്. ഇവിടെ അല്ലാഹു തന്റെ പ്രഭാവം പ്രകടിപ്പിക്കുകയായിരുന്നു.*

ഇതേപോലെ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ ഒരു സംഭവമുണ്ട്. അദ്ദേഹം വിവരിക്കുന്നു, *1907-ൽ ഞാൻ ലാഹോറിലെ നൂർ ഹോസ്പിറ്റലിൽ ഹൗസ് സർജൻ ആയിരുന്നു. എന്റെ ഭാര്യാസഹോദരി എന്റെ ഭാര്യയെ കാണാൻ വന്നു. ഒരു മാസത്തോളം അവർ അവിടെ താമസിച്ചു. അവർ എന്റെ ഭാര്യാ സഹോദരി മാത്രമായിരുന്നില്ല, അമ്മായിയുടെ മകളും കൂടിയായിരുന്നു. അവർ വരാനുണ്ടായ ഒരു കാരണം അവർക്ക് ഒരു പെൺകുട്ടി ജനിച്ചിരുന്നു. കുറച്ചു മാസങ്ങൾ ജീവിച്ച ശേഷം ആ കുട്ടി മരണപ്പെട്ടു. ആ ദുഃഖം അകറ്റുന്നതിനു വേണ്ടിയായിരുന്നു അവർ വന്നിരുന്നത്. അവൾ അവിടെ നിന്ന് എപ്പോഴും പറഞ്ഞുകൊണ്ടിരുന്നു, ''എന്റെ*

*അളിയൻ (മിർ മുഹമ്മദ് ഇസ്മാഈൽ സാഹിബ്) എന്റെ അടുത്ത് ഉണ്ടായിരുന്നെങ്കിൽ എന്റെ മകൾ ഒരിക്കലും മരിക്കുമായിരുന്നില്ല." ഇക്കാര്യം പലവുരു ആവർത്തിച്ചപ്പോൾ എന്നിൽ അല്ലാഹുവിനെ കുറിച്ചുള്ള ആവേശം വിജൃംഭിതമാവുകയും ഞാൻ ഇപ്രകാരം പറയുകയും ചെയ്തു. 'ഇനി അവരുടെ വീട്ടിൽ ഒരാൺ കുട്ടി ജനിക്കുന്നതും അവനെ ഞാൻ ചികിത്സിക്കുന്നതും എന്നാൽ എന്റെ ചികിത്സയിലായിരിക്കെതന്നെ ആ കുട്ടി മരിക്കുന്നതുമാണ്.' പറഞ്ഞതുപോലെ അവൾക്ക് ഒരാൺകുഞ്ഞ് ജനിച്ചു. ആ കുഞ്ഞിനെയും കൊണ്ട് തന്റെ സഹോദരിയെ കാണാൻ വന്നു. വഴി മദ്ധ്യേ കുട്ടിക്ക് കൊടുക്കാൻ കൊണ്ടുവന്ന പാൽ കേടുവരികയും അവൾ ആ പാൽ തന്നെ കുട്ടിയെ കുടിപ്പിക്കുകയും ചെയ്തു. ഇതുകാരണം കുട്ടി രോഗിയായി. എല്ലാ ചികി ത്സയും ചെയ്തു നോക്കി. ഡോക്ടർ സാഹിബ് സ്വയം ആ കുട്ടിയെ ചികിത്സിക്കുകയും മറ്റുള്ളവരേക്കൊണ്ട് ചികിത്സിപ്പിക്കുകയും ചെയ്തുനോക്കി. പക്ഷെ കുട്ടി സുഖം പ്രാപിച്ചില്ല. രണ്ടാഴ്ച രോഗിയായി കിടന്ന് ആ കുട്ടി മരണപ്പെട്ടു. അവരുടെ വീട്ടിൽ ആൺകുട്ടികൾ കുറവായിരുന്നു. ആൺകുട്ടി മരിച്ചപ്പോൾ ഉമ്മാക്ക് വല്ലാത്ത വിഷമം അനുഭവപ്പെട്ടു.*

മീർ സാഹിബ് പറയുകയാണ്, *അഞ്ചാറ് വർഷം മുമ്പ് ലാഹോറിൽ വെച്ച് പറഞ്ഞ ആ കാര്യം എനിക്ക് അപ്പോഴാണ് ഓർമ്മ വന്നത്. അതായത് ഇവൾക്ക് ഒരു ആൺകുട്ടി ജനിക്കും അവൻ എന്റെ കൈകൊണ്ടുതന്നെ മരിക്കും. ഇവരുടെ ശിർക്ക് തകരുന്നതിന്ന് വേണ്ടിയാണിത്.* പറഞ്ഞതുപോലെ തന്നെ എല്ലാം പിന്നീട് സംഭവിക്കുകയുണ്ടായി.

ഇക്കൂട്ടരാണ് സ്വയം ശിർക്കിൽനിന്ന് വിട്ടുനിൽക്കുന്നവരും മറ്റുള്ളവർക്ക് അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ശരിയായ അറിവ് നൽകി ശിർക്കിൽനിന്ന് രക്ഷിക്കുകയും ചെയ്യുന്നവർ. ഇവരുടെ ഹൃദയം അല്ലാഹുവിലുള്ള വിശ്വാസത്താൽ നിറഞ്ഞിരിക്കുന്ന താണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശുദ്ധീകരിക്കുവാനുള്ള ശക്തി ഇവരെ പ്രഭാപൂരിതമാക്കുകയുണ്ടായി. അതുകൊണ്ട് നാം എപ്പോഴും ഓർമ്മയിൽ വെക്കേണ്ട കാര്യം ഡോക്ടർമാരുടെയും വൈദ്യന്മാരുടെയും ചികിത്സയെല്ലാം ഫലം ചെയ്യുന്നത് ശാഫിയായ അല്ലാഹുവിന്റെ ഇംഗിതമുണ്ടാകുമ്പോഴാണ്. രോഗികൾക്കായി അല്ലാഹുവിന്റെ ഈ സിഫത്ത് മുൻനിർത്തി ദുആ ചെയ്യേണ്ടതാണ്.

അല്ലാഹു ഓരോ രോഗത്തിനും മരുന്ന് നിർണ്ണയിച്ചിട്ടുണ്ട്. ഇന്ന് ഗവേഷകന്മാർ കണ്ടുപിടിക്കുന്ന മരുന്നുകളെല്ലാം തന്നെ അല്ലാഹു ഇവിടെ ഉണ്ടാക്കിയിട്ടുള്ള വസ്തുക്കളിൽ നിന്ന് തന്നെയാണ് അവർ കണ്ടുപിടിച്ചത്. അസംഖ്യം ഔഷധച്ചെടികൾ അല്ലാഹു സൃഷ്ടിച്ചിട്ടുണ്ട്. ചില ജീവജന്തുക്കൾ,വിഷമുള്ള ജീവികൾ ഇവയുടെ വിഷത്തിലും അല്ലാഹു ഔഷധമൂല്ല്യം വെച്ചിട്ടുണ്ട്. പാമ്പിന്റെ വിഷത്തിൽനിന്ന് മരുന്ന് ഉണ്ടാക്കുന്നുണ്ട്. പാമ്പ് നേരിട്ട് കടിച്ചാൽ മരണത്തിന് കാരണമായിത്തീരുന്ന അതേ വിഷം മരുന്നായി ഉപയോഗിക്കുമ്പോൾ ഔഷധമായി ജീവൻ രക്ഷപ്പെടുന്നതിന്ന് കാരണമായിത്തീരുന്നു.

ചികിത്സക്കുള്ള മരുന്ന് സൃഷ്ടിച്ചതും അത് ഉപയോഗിക്കുവാനുള്ള ബുദ്ധി മനുഷ്യന് നൽകുകയും ചെയ്തത് അല്ലാഹുതആലാ നമ്മോട് കാണിച്ച ഔദാര്യമാണ്. വിശുദ്ധഖുർആനിൽ ശിഫായുമായി ബന്ധപ്പെട്ടു കൊണ്ട് തേനിനെയാണ് പ്രത്യേകമായി എടുത്ത് പറഞ്ഞിരിക്കുന്നത്. അതിനെ 'ശിഫാഉൻ ലിന്നാസ്' എന്നാണ് പറഞ്ഞിരിക്കുന്നത്. മനുഷ്യർക്ക് ഇതിൽ രോഗശാന്തിയുണ്ട്. മുസ്ലിംകളെക്കാളും അമുസ്ലിംകളാണ് ഇക്കാര്യം മനസ്സിലാക്കിയിട്ടുള്ളത്. തേനിനെകുറിച്ചും അതിന്റെ വിവിധ ഇനങ്ങളെകുറിച്ചും അതിന്റെ പ്രത്യേകതകളെക്കുറിച്ചും ഇന്ന് വിവിധതരം ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതേപോലെ വിവിധരീതിയിൽ അതിന്റെ വിവിധ ഇനങ്ങൾ ഗവേഷണവിധേയമാക്കുന്നു. റോയൽജല്ലിയുടെ ഗുണഗണങ്ങളെ കുറിച്ചും ഗവേഷണം നടന്നുകൊണ്ടിരിക്കുന്നു. മുമ്പും പല ഗവേഷണങ്ങളും നടന്നിട്ടുണ്ട്. പല മരുന്നുകളും ഇതിൽ നിന്നാണ് ഉണ്ടായിട്ടുള്ളത്. അതുപോലെ മറ്റൊരു മരുന്നുകൊണ്ടും സുഖം പ്രാപിക്കാത്ത മുറിവുകൾക്ക് പുരട്ടുന്ന ഓയിൽമെന്റ് തേനിൽനിന്ന് ഉണ്ടാക്കുന്നു.

ഈ അടുത്തകാലത്ത് തേനീച്ചയുടെ അറകൾക്ക് മുകളിൽ ഒരു പ്രത്യേക കീടത്തിന്റെ ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്നു. തേനീച്ചയെ വളർത്തുന്നവരും ഗവേഷകരും വളരെയധികം വിഷമത്തിലാണ്. ഈ പ്രതിഭാസം ലോകത്ത് ഒരു രാജ്യത്ത് മാത്രമല്ല പലനാടുകളിലും കാണാൻ സാധിക്കുന്നുണ്ട്. ഈ കീടങ്ങളുടെ ആക്രമണം തേനീച്ചകൾ ചത്തുപോകുന്നതിന്ന് കാരണമായിത്തീരുന്നു. തേനീച്ചകളുടെ അറകളിൽ വിവിധ തരത്തിലുള്ള സംരക്ഷണകവചങ്ങളുണ്ടായിട്ടും ശത്രുക്കൾ അതിൽ വരുന്നതിനുമുമ്പേ നശിപ്പിക്കാനുള്ള ആന്റിബയോട്ടിക്കുകളെല്ലാം ഉണ്ടായിട്ടും ഈ കീടങ്ങളുടെ ആക്രമണം തുടരുകയാണ്. ഇതുകാരണം ഈച്ചകൾ നശിച്ചുകൊണ്ടിരിക്കുന്നു. ഈ കീടങ്ങളെ എങ്ങിനെ നശിപ്പിക്കാൻ സാധിക്കുമെന്നകാര്യത്തിൽ വലിയ ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ചിലർ പറയുന്നത് ഈ അവസ്ഥ തുടർന്നാൽ കുറച്ച് വർഷങ്ങൾക്ക് ശേഷം തേനീച്ച തന്നെ ഇല്ലാതായിത്തീരും എന്നാണ്. ഞാൻ മനസ്സിലാക്കുന്നത് തേനീച്ചകൾ ഇല്ലാതാകും എന്നും തേൻ തീർന്നുപോകും എന്നുമുള്ള ഇവരുടെ ഈ കണക്കുക്കൂട്ടൽ തെറ്റാണെന്നാണ്. കാരണം വിശുദ്ധഖുർആൻ ഇതിനെ ഉദാഹരണരൂപത്തിൽ നമ്മുടെ മുമ്പാകെ വെച്ചിട്ടുള്ളതാണ്. അതുകൊണ്ട് അത് അവസാനിക്കില്ല. മറ്റൊരു കാര്യം വിശുദ്ധഖുർആൻ അവസാനനാൾ വരെ നിലനിൽക്കുന്നതായതിനാൽ അല്ലാഹു ഇതിൽ പറഞ്ഞിരിക്കുന്ന ശിഫായെകുറിച്ചുള്ള വസ്തുവും അവസാനം വരെ നിലനിൽക്കേണ്ടതാണ്. ഒരു പക്ഷെ ചില പ്രദേശങ്ങളിൽ ശിർക്ക് അധികരിച്ചതിന്റെ ഫലമായി ശിക്ഷ എന്ന നിലയിൽ അല്ലാഹു അതിന്റെ അളവിൽ കുറവുവരുത്തി

യേക്കാം. ഈ ഗവേഷണത്തിൽ അഹ്മദികളും മുന്നിട്ടിറ ങ്ങേണ്ടതാണ്. കാരണം തേനിന്റെ ശൃംഖല വഹ്‌യുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ അല്ലാഹുവിന്റെ ഏകത്വ വുമായും വഹ്‌യുമായും ബന്ധം പുലർത്തുന്നവരേയാണ് അല്ലാഹു സഹായിക്കുക. ഈ ഒരു ചിന്താഗതിയുടെ അടിസ്ഥാനത്തിലാണ് തേനീച്ചയെകുറിച്ചും ഒരു കീടം പുറമെനിന്ന് വന്ന് തേനീച്ചയെ ആക്രമിക്കാനുള്ള കാര്യ കാരണങ്ങളെ കുറിച്ചും ഗവേഷണം നടത്താൻ അഹ്മദി കൾ മുന്നോട്ട് വരണമെന്ന് ഞാൻ ആഹ്വാനം ചെയ്യാൻ കാരണം. ഇപ്പോൾ ഏതെങ്കിലും അഹ്മദി ഈ മേഖല യിൽ പ്രവർത്തിക്കുന്നുണ്ടോ എന്നെനിക്കറിയില്ല. ഉണ്ടെ ങ്കിൽ എന്നെ അറിയിക്കുക.

മറ്റൊരുകാര്യം ആനുഷങ്കികമായി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ കുറെ വർഷമായി ആഹ്വാനം ചെയ്യുന്ന കാര്യമാണ് എല്ലാതരം ഗവേഷണ മേഖലകളിലും അഹ്മദിവിദ്യാർത്ഥികൾ മുന്നോട്ട് വരണമെന്നത്. ഈ നാടുകളിൽ ഈ മൈതാനം എളുപ്പത്തിൽ കാലി യായി ക്കൊണ്ടിരിക്കുകയാണ്. ലോകത്തിനാണെങ്കിൽ ഇതിന്റെ ആവശ്യവുമുണ്ട്. വികസിതരാജ്യങ്ങളിൽ ഇതു മുഖേന പുറമെനിന്ന് വന്ന അഹ്മദികൾക്ക് കാലുറപ്പിക്കാൻ സാധി ക്കുന്നതാണ്. ഈ നാട്ടുകാർ അവർ ഇത് നാടിനു വേണ്ടിയും ചെയ്യേണ്ടതാണ്. അതോടൊപ്പം ഈ ഗവേഷ ണങ്ങൾ മുഖേന രാജ്യത്തിന്റെ പുരോഗതിക്ക് നമുക്ക് പ്രത്യേകമായ പങ്ക് വഹിക്കാനും സാധിക്കുന്നതാണ്.

ഞാൻ പറഞ്ഞുവന്നത് അല്ലാഹു രോഗങ്ങൾക്ക് മരുന്ന് ഉണ്ടാക്കിയിട്ടുണ്ട്. അതിനെകുറിച്ച് വിശുദ്ധ ഖുർആനിലും തിരു ഹദീസുകളിലും എല്ലാം കാണാൻ സാധിക്കുന്ന താണ്. ഞാനിനി ചില ഹദീസുകൾ നിങ്ങളെ കേൾപ്പിക്കാം. ഇതിൽ തിരുനബി (സ) ചില വസ്തുക്കൾ ചില രോഗങ്ങ ൾക്കുള്ള ഔഷധമാണെന്ന് പറഞ്ഞിട്ടുണ്ട്.

ഹദ്റത്ത് സഹദ്(റ)വിവരിക്കുന്നു. *ഞാൻ രോഗിയായി. തിരുനബി(സ)എന്നെ സന്ദർശിക്കാൻ വന്നു. തിരുനബി (സ) യുടെ തിരുകരം എന്റെ നെഞ്ചിൽ വെച്ചു. ആ കര ത്തിന്റെ കുളിർമ്മ എനിക്ക് അനുഭവപ്പെട്ടു. തിരുനബി (സ) അരുളി, നിങ്ങൾക്ക് ഹൃദയരോഗമാണ്. സഖീഫ് ഗോത്രത്തിലെ ഹാരിസ്ബ്നുഖൽദയുടെ അടുത്ത് പോ കുക. അദ്ദേഹം ചികിത്സിക്കാറുണ്ട്. അദ്ദേഹം ഏഴ് ഈത്തപ്പഴം അതിന്റെ കുരുവോടുകൂടി നല്ലതുപോലെ ഇടിച്ച് മരുന്നുണ്ടാക്കി നിന്റെ വായിൽ ഇടട്ടെ. ഹൃദയ രോഗത്തിന് ഈത്തപ്പഴം കഴിക്കേണ്ടതിലേക്ക് നമ്മുടെ ശ്രദ്ധ തിരിച്ചു.*

ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) രിവായത്ത് ചെയ്യു ന്നു. റസൂൽ (സ) ഇപ്രകാരം അരുളി, *മൂന്ന് വസ്തുക്ക ളിൽ രോഗശമനം അടങ്ങിയിരിക്കുന്നു. തേൻ സേവിക്കു ന്നതിൽ, കൊമ്പുവെക്കുന്നതിൽ, തീ കൊണ്ടുപൊള്ളി ക്കുന്നതിൽ. ആദ്യകാലത്ത് തീ കൊണ്ടും ചികിത്സിക്കാറു ണ്ടായിരുന്നു. ചില വ്രണങ്ങളെ തീകൊണ്ട് കരിച്ചുകളയാ റുണ്ടായിരുന്നു. തിരുനബി (സ) അരുളി ഞാൻ എന്റെ ഉമ്മത്തിനെ പൊള്ളിക്കുന്നതിനെ തൊട്ട് വിലക്കുന്നു.*

ഹദ്റത്ത് ഖാലിദ്ബ്നു സഅദ്(റ)വിവരിക്കുന്നു, *ഞങ്ങൾ ഒരു യാത്രക്കായി പുറപ്പെട്ടു. ഞങ്ങളുടെ കൂടെ ഖാലിബ്നു അബ്ദറും ഉണ്ടായിരുന്നു. യാത്രാമദ്ധ്യേ അദ്ദേഹത്തിന് അസുഖം പിടിപെട്ടു. മദീനയിൽ എത്തിയ പ്പോഴും അദ്ദേഹം സുഖം പ്രാപിച്ചിരുന്നില്ല. ഇബ്നു അബീ അത്തീഖ് അദ്ദേഹത്തെ ശുശ്രൂഷിക്കാനായി വന്നു. അദ്ദേഹം വന്നുകൊണ്ട് ഞങ്ങളോട് പറഞ്ഞു, നിങ്ങൾ കറുത്ത ധാന്യം ഉപയോഗിക്കുക. അതിന്റെ അഞ്ചോ ഏഴോ ധാന്യങ്ങളെടുത്ത് നല്ലതുപോലെ അരച്ച് എണ്ണ യിൽ ചേർത്ത് ദ്രാവകരൂപത്തിലാക്കി അതിന്റെ കുറച്ച് തുള്ളികൾ നാസാദ്വാരങ്ങളിൽ ഇറ്റിക്കുക. അതിന്റെ കാരണം ഹദ്റത്ത് ആയിശ(റ) എന്നോട് പറയുകയു ണ്ടായി അവർ തിരുനബി(സ) ഇപ്രകാരം പറയുന്നതായി കേട്ടിട്ടുണ്ട്, ഈ കറുത്ത ധാന്യത്തിൽ എല്ലാ രോഗ ങ്ങൾക്കുമുള്ള ശമനൗഷധം ഉണ്ട്, സാം എന്ന രോഗ മൊഴിച്ച്. സാം എന്താണെന്ന് ഹദ്റത്ത് ആയിശ(റ) ചോദിച്ചു. അവിടന്ന് അരുളി,' മരണം'.* കറുത്ത ധാന്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കരിഞ്ചീരകമാണ്.

മറ്റൊരു നിവേദനത്തിൽ ഇപ്രകാരം വരുന്നു. ഹദ്റത്ത് സഈദ്ബ്നുസൈദ്(റ) പറയുന്നു, *തിരുനബി(സ) പറയു ന്നതായി ഞാൻ കേട്ടു. കൂൺ 'മന്ന' എന്ന ഇനത്തിൽ പെട്ടതാണ്. അതിന്റെ വെള്ളം കണ്ണിന് വളരെ നല്ലതാണ്.* ഹദ്റത്ത് ഇബ്നു ഉമർ(റ) വിവരിക്കുന്നു, *തിരുനബി(സ) അരുളി. പനി നരകത്തിലെ തീ നാളമാണ്. നിങ്ങൾ അതിനെ വെള്ളം കൊണ്ട് കെടുത്തിക്കളയുക.* മറ്റൊരു നിവേദനത്തിൽ ഇപ്രകാരം വരുന്നു. *തിരുനബി(സ)ക്ക് കഠിനമായ പനിപിടിപെട്ടു. തിരുനബി(സ)യുടെ മുകളിൽ വെള്ളം നിറച്ച ഒരു പാത്രം കെട്ടിതൂക്കിയിട്ടുണ്ട്. അതിൽ നിന്ന് വെള്ളം അൽപാൽപ്പമായി തിരുദൂതരുടെ ശരീര ത്തിൽ വീണുകൊണ്ടിരിക്കുന്നതായി ഒരു സഹാബി കാണുകയുണ്ടായി.* ഈ ഒരു ചികിത്സ തിരുനബി (സ) സ്വയം ചെയ്യാറുണ്ടായിരുന്നു.

ഹദ്റത്ത് അബൂഹുറെയ്റ (റ) നിവേദനം ചെയ്യുന്നു: *ഒരിക്കൽ തിരുനബി(സ) അരുളി, നിങ്ങളുടെ ആരുടെ യെങ്കിലും പാത്രത്തിൽ ഈച്ച വീണാൽ അതിനെ അതിൽ ശരിക്കും മുക്കി എടുക്കുക. എന്നിട്ട് അതിനെ ദൂരെ കള യുക. കാരണം അതിന്റെ ഒരു ചിറകിൽ ഔഷധവും മറ്റേ ചിറകിൽ രോഗവുമുണ്ട്.*

ഈച്ചയെക്കുറിച്ച് ആയിരത്തിനാനൂറ് വർഷ ങ്ങൾക്കു മുമ്പ് തിരുനബി(സ) നമുക്ക് പറഞ്ഞു തന്നിരിക്കുന്നു. ഇന്നത്തെ ശാസ്ത്രജ്ഞന്മാർ ഇതിനെക്കുറിച്ച് ഇപ്പോൾ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ബാക്ടീരി യയെ നശിപ്പിക്കാൻ ശക്തിയുള്ള ഒരു വസ്തു ഈച്ചയിൽ ഉണ്ടെന്ന നിഗമനത്തിലാണ് അവർ എത്തിയിരിക്കുന്നത്. ഗവേഷകർ എഴുതുന്നു, എഥനോ ളിൽ ഈച്ചയെ മുക്കി യതിനുശേഷം ആശുപത്രിയിലെ പാട്രോജൻ മുതലായ ചില ബാക്ടീരിയയിൽ അതിനെ ഉപയോഗിച്ചപ്പോൾ അവ ആന്റിബയോട്ടിക്കായി പ്രവർത്തിക്കുകയും അങ്ങി നെ ബാക്ടീരിയ നശിക്കുകയും ചെയ്തു.

ടോക്കിയോ യൂണിവേഴ്സിറ്റിയിലെ ഒരു പ്രൊഫസർ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് നടത്തിയ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പറയുന്നു. *സമീപ ഭാവിയിൽ ആശുപത്രികളിൽ ഈച്ചയെ ആന്റിബയോട്ടിക്കുകളായി ഉപയോഗിക്കുന്നത് കണ്ട് ജനങ്ങൾ അത്ഭുതപ്പെടുന്നതായിരിക്കും.*

രോഗപ്രതിരോധ ശക്തി ഉണ്ടാക്കുന്ന വസ്തുക്കളും ഈച്ചയിൽ നിന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ശാസ്ത്രജ്ഞന്മാർ ഈച്ചയെകുറിച്ച് ഈ രീതിയിൽ ഗവേഷണം നടത്താനുള്ള കാരണം ഈച്ചകൾ ഏറ്റവും വൃത്തികെട്ട സ്ഥലത്താണ് ഇരിക്കുന്നത് എന്ന് മാത്രമല്ല കോളറ പോലുള്ള രോഗങ്ങളിൽ എല്ലാം ഇവയുടെ സാന്നിധ്യം ഉണ്ട് എന്നിട്ടും ഈ രോഗങ്ങളൊന്നും ഈച്ചയെ ബാധിക്കുന്നില്ല. ഈ ഒരു കാരണമാണ് ഈച്ചയെകുറിച്ചുള്ള ഗവേഷണത്തിന് അവരെ പ്രേരിപ്പിച്ചത്. അപ്പോഴാണ് ഇവയിൽ ആന്റിബാക്ടീരിയൽ പോലുള്ള വസ്തുക്കൾ ഉള്ളതായി അവർ കണ്ടെത്തിയത്. മറ്റൊന്ന്, അവർ നിരീക്ഷണവിധേയമാക്കിയ ഈച്ച ഏതെങ്കിലും ദ്രാവക പദാർത്ഥത്തിൽ വീഴുമ്പോൾ -വെള്ളത്തിലോ പാലിലോ മറ്റോ- അതിന്റെ ചിറകുകളിലുള്ള രോഗാണുക്കൾ ഉടനെ തന്നെ പ്രവർത്തനക്ഷമമാകുന്നു. എന്നാൽ ഈച്ചയെ അതിൽ പൂർണ്ണമായും മുക്കി എടുക്കുകയാണെങ്കിൽ അതിലെ ബാക്ടീരിയകളെ ഉടനെ നശിപ്പിക്കാൻ ശേഷിയുള്ള ചില അണുക്കൾ ഈച്ചയിൽനിന്ന് പുറത്ത് വരുന്നു. ഇതാണ് ഇസ്‌ലാമിന്റെ ശാഫിയായ അല്ലാഹുവിന്റെ മഹത്വം. അവൻ 1400 വർഷങ്ങൾക്കുമുമ്പേ ആ ചികിത്സാരീതി തന്റെ ദൂതന് പറഞ്ഞുകൊടുക്കുകയുണ്ടായി. ഇന്ന് ശാസ്ത്രലോകം ഇതിനെകുറിച്ച് ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

എന്നാൽ ചികിത്സയുടെ ഈ എല്ലാ മാർഗങ്ങളും പറഞ്ഞുതന്നിട്ടുകൂടി തിരുനബി (സ) തന്നെ വിശ്വസിച്ചവരോട് പറഞ്ഞത് പ്രാർത്ഥനയും സദഖയും എല്ലാം ചികിത്സയാണ് എന്നാണ്. ചികിത്സയോടൊപ്പം ദുആയും സദ്ഖയും ചെയ്യുക. ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു. *നിങ്ങൾ നിങ്ങളുടെ രോഗികളെ സദഖയോടുകൂടെ ചികിത്സിക്കുക. സക്കാത്ത് നൽകിക്കൊണ്ട് നിങ്ങളുടെ ധനത്തെ നിങ്ങൾ സംരക്ഷിക്കുക. ഇത് നിങ്ങളിൽ നിന്ന് പ്രയാസങ്ങളെയും രോഗങ്ങളെയും അകറ്റുന്നു.*

മറ്റൊരു ഹദീസിൽ ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു; തിരുനബി(സ) തന്റെ വീട്ടുകാർക്കു വേണ്ടി അഭയം തേടാറുണ്ട്. *തന്റെ വലതുകൈ തടവിക്കൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു, 'ജനങ്ങളുടെ രക്ഷിതാവേ, നീ രോഗത്തെ അകറ്റിയാലും. നീ ശിഫാ നൽകിയാലും. നീയാണ് ശാഫി, നിന്റെ ശിഫയല്ലാതെ മറ്റൊരു ശിഫയു മില്ല. രോഗത്തിന്റെ നാമം പോലും അവശേഷിക്കാത്ത രീതിയിൽ നീ പൂർണ്ണമായും ശിഫ നൽകേണമേ.*

**അല്ലാഹുമ്മ റബ്ബന്നാസി അദ്ഹിബിൽ ബഅസ് ഇശ്ഫി വ അൻത്ത ശ്ശാഫി ലാ ശിഫാഅ ഇല്ലാ ശിഫാഉക്ക ശിഫാഅൻ ലാ യുഹാദിരു സഖ്മാ**

ഈ ഒരു അടിസ്ഥാന തത്വത്തിൽ ഒരു വിശ്വാസിക്ക് അടിയുറച്ച വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. അതായത് ചികിത്സ അല്ലാഹു പറഞ്ഞുതന്നത് തന്നെയാണ്, അതിന്റെ രീതി അനുസരിച്ച് തന്നെയാണ് ചികിത്സ നടക്കുന്നതും. എന്നാലും ആശ്രയം പൂർണ്ണമായും അല്ലാഹുവിലായിരിക്കണം. കാരണം രോഗശമനം നൽകപ്പെടുന്നത് അല്ലാഹുവിന്റെ അസ്ഥിത്വമാണ്. ചികിത്സകളെല്ലാം പരാജയപ്പെട്ടാലും ദുആ മുഖേന പല രോഗങ്ങളും സുഖപ്പെടാറുണ്ട്. അതുമായി ബന്ധപ്പെട്ട പല സംഭവങ്ങളും ഉണ്ട്. തിരുനബി(സ)യുടെ ജീവിതത്തിലും തിരുനബി (സ) യുടെ സഹാബത്തിന്റെ ജീവിതത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിലും ആ മഹാത്മാവിന്റെ സഹാബത്തിന്റെ ജീവിതത്തിലും എത്രയോ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ രോഗശമനം പ്രാപിക്കുന്നതും മരിച്ചവരെ ജീവിപ്പിക്കുന്നതുപോലുള്ള അടയാളങ്ങളും നാം ഇന്നും കാണുന്നു.

ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) വിവരിക്കുന്നു. *ഒരു സ്ത്രീ തന്റെ മകന്റെ കൂടെ തിരുനബി (സ) യെ കാണാൻ വന്നു. അവർ പറഞ്ഞു, യാ റസൂലുല്ലാഹ്! ഇവന് മാനസിക രോഗമാണ്. ഞങ്ങൾ ഭക്ഷണം കഴിക്കുമ്പോഴാണ് ഇവൻ മാനസികവിഭ്രാന്തി പുറമെ പ്രകടിപ്പിക്കുന്നത്. അപ്പോൾ അവൻ ഞങ്ങളുടെ ഭക്ഷണമെല്ലാം നശിപ്പിക്കുന്നു.* നിവേദകൻ പറയുന്നു. *തിരുനബി (സ) ആ കുട്ടിയുടെ നെഞ്ചിൽ കൈകൊണ്ട് തടവി. അവനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ആ കുട്ടി ഛർദ്ദിച്ചു. അവന്റെ വായിൽനിന്ന് കറുത്ത എന്തോ പുറത്തേക്ക് വന്നു. അങ്ങിനെ അവൻ സുഖം പ്രാപിച്ചു.*

ഒരു നിവേദനത്തിൽ ഇപ്രകാരം പറയുന്നു. ഹദ്റത്ത് യസീദിബ്നു അബി ഉബൈദ് (റ) വിവരിക്കുന്നു, *ഞാൻ ഹദ്റത്ത് സൽമയുടെ പുറത്ത് ഒരു മുറിവിന്റെ അടയാളം കണ്ടു. ഞാൻ ചോദിച്ചു, അബൂ മുസ്‌ലിം, ഈ അടയാളം എങ്ങിനെയാണുണ്ടായത്? അദ്ദേഹം പറഞ്ഞു, ഖൈബർ ദിവസമാണ് ഈ മുറിവ് പറ്റിയത്. ജനങ്ങൾ പറഞ്ഞു, സൽമക്ക് മുറിവേറ്റിട്ടുണ്ട്. ഞാൻ റസൂൽ (സ) യുടെ അടുത്ത് വന്നു. തിരുനബി (സ) ആ മുറിവിൽ മൂന്ന് പ്രാവശ്യം ഊതി. അതിനുശേഷം ഇതുവരെ എനിക്ക് ഒരു പ്രയാസവും ഉണ്ടായിട്ടില്ല.*

ഇങ്ങിനെയുള്ള അടയാളങ്ങൾ ഇക്കാലത്ത് തിരുനബി(സ) യുടെ യഥാർത്ഥ പ്രേമിയായ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജീവിതത്തിലും നമുക്ക് കാണാൻ സാധിക്കുന്നു.

ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. *സർദാർ മുഹമ്മദലി ഖാൻ സാഹിബ് റഈസ് മലേർക്കോട്ടിലയുടെ മകൻ അബ്ദുർറഹിമാൻ ഖാൻ ഗുരുതരമായ ടൈഫോയ്ഡിന്റെ പിടിയിലായി. രക്ഷപ്പെടാനുള്ള ഒരു സാധ്യതയും ഇല്ലായിരുന്നു. അവൻ മരിച്ചതിന് തുല്ല്യമായ അവസ്ഥയിലായിരുന്നു. ഞാൻ അവനുവേണ്ടി ദുആ ചെയ്തു. അപ്പോൾ എനിക്ക് മനസ്സിലായത് ഇവന്റെ*

*വിധി നിർണ്ണയിച്ചുകഴിഞ്ഞിരിക്കുന്നു എന്നാണ്. അങ്ങിനെ ഞാൻ അല്ലാഹുവിന്റെ മുമ്പിൽ ഇപ്രകാരം അർത്ഥിച്ചു, ഇലാഹീ ഞാൻ ഇവനുവേണ്ടി ശഫാഅത്ത് (ശുപാർശ) ചെയ്യുന്നു. ഇതിനു മറുപടിയായി അല്ലാഹു തആല പറഞ്ഞു,*

**മൻസല്ലദീ യശ്ഫഉ ഇൻദഹൂ ഇല്ലാ ബിഇദ്നിഹീ**

'അല്ലാഹുവിന്റെ അനുമതി കൂടാതെ ശഫാഅത്ത് ചെയ്യാൻ ആർക്കാണ് ധൈര്യമുള്ളത്.'

*അപ്പോൾ ഞാൻ മിണ്ടാതെയായി. അൽപ്പം കഴിഞ്ഞപ്പോൾ എനിക്ക് ഇൽഹാം ഉണ്ടായി,*

**ഇന്നക്ക അൻത്തൽ മജാസ്**

'നിനക്ക് ശഫാഅത്ത് (ശുപാർശ) ചെയ്യുവാനുള്ള അനുമതി നൽകിയിരിക്കുന്നു.'

*അപ്പോൾ ഞാൻ വളരെ താണുകേണ് ദുആ ഇരക്കാൻ തുടങ്ങി. അങ്ങിനെ അല്ലാഹു എന്റെ ദുആ സ്വീകരിക്കുകയും ആ കുട്ടി ശരിക്കും പറഞ്ഞാൽ കബറിൽനിന്ന് പുറത്തുവരികയും ചെയ്തു. ആരോഗ്യം വീണ്ടെടുക്കാൻ തുടങ്ങി. അവൻ വളരെയധികം ക്ഷീണിച്ചിരുന്നു. കാലങ്ങൾക്കുശേഷമാണ് ശരിക്കുമുള്ള ആരോഗ്യസ്ഥിതി കൈവരിച്ചത്. അത്രകണ്ട് ക്ഷീണിച്ചുപോയിരുന്നു. അവൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.*

ഹദ്റത്ത് മൗലവി ശേർ അലി സാഹിബ് വിവരിക്കുന്നു. *1904-ൽ ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബിന് കഠിനമായ രോഗം പിടിപെട്ടു. രോഗം വർദ്ധിച്ച കാരണത്താൽ അദ്ദേഹത്തിന്റെ ഭാര്യ മനസ്സിലാക്കിയത് ഇത് മുഫ്തി സാഹിബിന്റെ അവസാന നിമിഷങ്ങളാണെന്നാണ്. അവർ കരഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അടുത്തുവന്നു. അവിടന്ന് അൽപ്പം കസ്തൂരി നൽകിക്കൊണ്ട് പറഞ്ഞു,* 'ഇത് നീ അദ്ദേഹത്തിന് കഴിക്കാൻ കൊടുക്കുക, ഞാൻ അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കുന്നതാണ്.' *ഇതും പറഞ്ഞ് പെട്ടെന്ന് വുളു ചെയ്ത് നമസ്കാരത്തിലേക്ക് പ്രവേശിച്ചു. ഈ സംഭവം നടന്നത് പകലായിരുന്നു. മുഫ്തി സാഹിബിന് കസ്തൂരി കുടിക്കാൻ നൽകി. അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി മെച്ചപ്പെടാൻ തുടങ്ങുകയും കുറച്ചുകഴിഞ്ഞപ്പോഴേക്കും സുഖം പ്രാപിക്കുകയും ചെയ്തു.*

മുൻശി സഫർ അഹ്മദ് സാഹിബ് വിവരിക്കുന്നു. *ഒരിക്കൽ മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹിയുടെ ഒരു ബന്ധുവിനെ അംറോഹിയിൽനിന്നും ഖാദിയാനിൽ കൊണ്ടുവന്നു. നല്ല വണ്ണമുള്ള ശരീരപ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. 60 വയസ്സുപ്രായം ഉണ്ടായിരിക്കും. കേൾവി വളരെ കുറവായിരുന്നു. ഒരു റബ്ബറിന്റെ ട്യൂബ് ചെവിയിൽ ഇട്ട് വെക്കുമായിരുന്നു. ഉച്ചത്തിൽ പറഞ്ഞാൽ മാത്രമേ അൽപ്പമെങ്കിലും കേൾക്കുമായിരുന്നുള്ളു. ഹദ്റത്ത് സാഹിബ് പ്രസംഗിക്കുകയായിരുന്നു. ഈ വ്യക്തി മുമ്പിൽ ഇരിക്കുന്നുണ്ട്. ഇദ്ദേഹം പറഞ്ഞു ഹുസൂർ എനിക്കൊന്നും കേൾക്കാൻ സാധിക്കുന്നില്ല. അങ്ങയുടെ പ്രസംഗം കേൾക്കാൻ കഴിയുന്നതിന് എനിക്കായി ദുആ ചെയ്താലും. പ്രസംഗമദ്ധ്യേ അദ്ദേഹത്തിന്റെ ഭാഗത്തേക്ക് മുഖം തിരിച്ചുകൊണ്ട് അരുളി,* 'അല്ലാഹു കഴിവുള്ളവനാണ്'. *ആ സമയം മുതൽ* അദ്ദേഹത്തിന് *കേൾക്കാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു ഹുസൂർ ഇപ്പോൾ എനിക്ക് താങ്കളുടെ എല്ലാ വാക്കുകളും ശരിക്കും കേൾക്കാൻ സാധിക്കുന്നുണ്ട്. അങ്ങിനെ ആ ട്യൂബ് അദ്ദേഹം എടുത്ത് മാറ്റുകയും ചെയ്തു.*

മിയാം നദീർ ഹുസൈൻ സാഹിബ് ഇബ്നു മർഹമെ ഈസ സാഹിബ് വിവരിക്കുന്നു. മിയാം ചിറാഗ്ദീൻ സാഹിബിന്റെ വീട്ടിൽ ആദ്യത്തെ കുട്ടി ജനിച്ചു, അതായത് ഞങ്ങളുടെ പിതാവ് മർഹമെ ഈസാ സാഹിബ്. എന്നാൽ അഞ്ച് വയസ്സായിട്ടും കുട്ടി സംസാരിക്കുകയോ നടക്കുകയോ ചെയ്തില്ലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ലാഹോറിൽ വന്ന ഒരു നാൾ ഞങ്ങളുടെ ഉപ്പാപ്പ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ഇപ്രകാരം പറഞ്ഞു, 'ഹുസൂർ എനിക്ക് ഒരേ ഒരു ആൺകുട്ടിയേ ഉള്ളൂ. അവൻ മൂകനും നടക്കാൻ കഴിവില്ലാത്തവനുമാണ്. അവൻ ആരോഗ്യവാനായിത്തീരാൻ ഹുസൂർ ദുആ ചെയ്താലും. അപ്പോൾ പറഞ്ഞു, മിയാൻ സാഹിബ്, നിങ്ങൾ ആ കുട്ടിയെ കൊണ്ടുവരൂ. ഹുസൂർ അവനെ ഹക്കീം സാഹിബിന്റെ മടിയിൽ കിടത്തി ദീർഘനേരം ദുആ ചെയ്തു. എന്നിട്ട് പറഞ്ഞു, അല്ലാഹു ഉദ്ദേശിച്ചാൽ ഈ കുട്ടി ശരിയാകുന്നതാണ്. അതിനുശേഷം പിന്നീടൊരിക്കൽ ഹദ്റത്ത് സാഹിബ് ലാഹോറിൽ വന്നപ്പോൾ മിയാൻ ചിറാഗ്ദീൻ സാഹിബിനോട് പറഞ്ഞു, 'അല്ലാഹു എന്റെ ദുആ സ്വീകരിച്ചിരിക്കുന്നു. താങ്കളുടെ ഈ കുട്ടി നല്ലതുപോലെ സംസാരിക്കുന്നവനും നടക്കുന്നവനുമായിത്തീരുന്നതാണ്. നിവേദകൻ പറയുകയാണ്, ഞങ്ങൾ ഹക്കീം സാഹിബിനെ തൊണ്ണൂറാം വയസ്സിലും ഉച്ചത്തിൽ നിർത്താതെ സംസാരിക്കുന്നതായി കണ്ട് അത്ഭുത പ്പെടാറുണ്ട്.

ശൈഖ് സൈനുൽ ആബിദീൻ സാഹിബ് (റ) വിവരിക്കുന്നു. ഒരിക്കൽ ഞാൻ ഖാദിയാനിൽ വന്നു. ഹദ്റത്ത് സാഹിബ് ഗോൾ റൂമിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. എനിക്കപ്പോൾ ശക്തമായ ചുമ ഉണ്ടായിരുന്നു. പല ചികിത്സകളും ചെയ്തുനോക്കിയിരുന്നു. ഹുസൂർ തന്റെ സ്വതസിദ്ധമായ ശൈലിയിൽ ചോദിച്ചു, മിയാൻ സൈനുൽ ആബിദീൻ! എന്തിനാണ് വന്നത്? പറഞ്ഞു, ഹുസൂർ വല്ലാത്ത ചുമ. ചുമ വന്നുകഴിഞ്ഞാൽ അടുത്ത ശ്വാസം കിട്ടുമോ എന്നതന്നെ സംശയത്തിലായിരിക്കും. അത്രകണ്ട് ചുമയാണ്. ഹുസൂർ ചോദിച്ചു, എത്രകാലമായി ഇതുണ്ടായിട്ട്? പറഞ്ഞു, ആറുമാസമായി. ചോദിച്ചു, ഇതുവരെ എന്തുകൊണ്ട് അറിയിച്ചില്ല? ഇപ്പോൾ രോഗം വളരെ പഴകിയിട്ടുണ്ടല്ലോ. എന്നിട്ട് ചോദിച്ചു. ധനികരുടെ ചികിത്സ വേണോ അതോ ദരിദ്രരുടെ ചികിത്സ വേണോ? ഞാൻ പറഞ്ഞു, ഹുസൂറിന്റെ ഇഷ്ടമനുസരിച്ച് ചെയ്തോളൂ. ഹുസൂർ പറഞ്ഞു, സമീന്ദാറിൽ ചിലർ ദരിദ്രരും ഉണ്ടായിരിക്കുമല്ലോ? ചികിത്സക്ക് എത്ര പൈസയാണ് കൊണ്ടുവന്നിട്ടുള്ളത്? ഞാൻ പറഞ്ഞു, അഞ്ച് രൂപ. ഹുസൂർ പറഞ്ഞു, എങ്കിൽ അത്

കൊണ്ടുവരൂ. ഞാനത് കൊടുത്തു. എന്നോട് പറഞ്ഞു, ഇനി പൊയ്ക്കൊള്ളൂ. ഭാവിയിൽ നിങ്ങൾക്ക് ഒരിക്കലും ചുമ വരില്ല. ഞാൻ എന്റെ എല്ലാ കാര്യങ്ങളും ഒരുമടിയും കൂടാതെ ഹുസൂറിന്റെ മുമ്പിൽ അവതരിപ്പിക്കാറുള്ളത് കൊണ്ട് ഞാൻ ചോദിച്ചു, 'വായകൊണ്ട് പറയുമ്പോൾ തന്നെ രോഗം ഇല്ലാതായിത്തീരുന്ന വല്ല മന്ത്രവിദ്യയും ഹുസൂറിന്റെ അടുത്തുണ്ടോ?' ഗ്രാമീണർ നിഷ്കളങ്കരാണെന്ന് ഹുസൂർ മനസ്സിലാക്കിയിരുന്നു. അതിനാൽ അവരുടെ സംസാരങ്ങൾക്ക് നീരസം പ്രകടിപ്പിക്കാറില്ലായിരുന്നു. ഹുസൂർ പറഞ്ഞു, 'ഞാനല്ലേ പറയുന്നത് ഇനി രോഗം വരില്ല എന്ന്.' കുറച്ച് കഴിഞ്ഞപ്പോൾ എന്റെ സഹോദരൻ ഹാഫിസ് ഹാമിദലി സാഹിബ് അവിടെ വന്നു. ഹുസൂർ ഹാമിദലി സാഹിബിനോട് പറഞ്ഞു, 'ഹാമിദലീ ഞാൻ താങ്കളുടെ സഹോദരനോട് അഞ്ച് രൂപ വാങ്ങിയിട്ടുണ്ട്. ഞാൻ അദ്ദേഹത്തോട് ഇനി നിങ്ങൾക്ക് ചുമ ഉണ്ടാകില്ലെന്ന് പറഞ്ഞിട്ടുമുണ്ട്. എന്നാലും മരുന്ന് കിട്ടാത്തതുവരെ ഗ്രാമവാസികൾ സംതൃപ്തരാകില്ല. അതുകൊണ്ട് അങ്ങാടിയിൽ പോയി ഇദ്ദേഹത്തിന് എട്ടണക്ക് മലട്ടിയും, (ചുമക്ക് ഉപയോഗിക്കുന്ന ഒരു മരുന്ന്) എട്ടണക്ക് ബദാമും, എട്ടണക്ക് ഏലക്കായിയും എട്ടണക്ക് ഉണക്കമുന്തിരിയും വാങ്ങിക്കൊണ്ടുവരിക. അന്നൊക്കെ എട്ടണക്കും കുറെ സാധനങ്ങൾ ലഭിക്കുമായിരിക്കും. അങ്ങനെ ഹാമിദ് അലി സാഹിബ് ഇതെല്ലാം വാങ്ങിക്കൊണ്ടുവന്നപ്പോൾ  ഹുസൂർ തന്നെ അതിന്റെ ഗുളിക ഉണ്ടാക്കിക്കൊടുത്തു. എന്നിട്ട് പറഞ്ഞു, മിയാം സൈനുൽ ആബിദീൻ താങ്കളുടെ ചുമയും പോകും അഞ്ച് രൂപ കൊണ്ട് താങ്കൾ തടിച്ചുകൊഴുക്കുകയും ചെയ്യും. ചുമ ഏതായാലും താങ്കൾക്ക് ഇപ്പോൾ ഇല്ലല്ലോ. ഈ അഞ്ച് രൂപ തിരിച്ചുവാങ്ങുക. ഇതിന് നെയ്യ് വാങ്ങിക്കഴിക്കുക. അങ്ങിനെ നല്ല തടി വെക്കും. ഞാൻ വളരെ നിർബന്ധിച്ച് പറഞ്ഞു. ഹുസൂർ ഈ പൈസ അങ്ങ് വെച്ചാലും. മസീഹ് മൗഊദ് (അ) പറഞ്ഞു, വേണ്ട.

ഈ പണം ആദ്യം വാങ്ങിയത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് അവരിൽ നിന്ന് എന്തെങ്കിലും ലഭിക്കണം എന്നുള്ളതുകൊണ്ടായിരുന്നില്ല. തന്റെ ശിഷ്യരോട് പ്രകടിപ്പിച്ച സ്നേഹപ്രകടനത്തിന്റെ ഒരു രൂപമായിരുന്നു അത്.

അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസമാണ് അടിസ്ഥാനകാര്യം. അവനാണ് ശിഫാനൽകുന്നവനെന്നും അല്ലാഹുവിന്റെ കൽപ്പനയുണ്ടാകുമ്പോഴാണ് ചികിത്സ ഫലം ചെയ്യുക എന്നും നാം ദൃഢമായി വിശ്വസിക്കണം. ഹദീസിൽ വന്നിരിക്കുന്നു. മരുന്ന് ഒരു നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. അത് അല്ലാഹുവിന്റെ ഇംഗിതമുണ്ടാകുമ്പോൾ മാത്രമെ ഫലം നൽകുകയുള്ളൂ.

ഹദ്റത്ത് ഇബ്റാഹീം(അ) തന്റെ നാഥന്റെ ശ്രേഷ്ഠതകൾ വിവരിക്കുകയും അവൻ ചെയ്തിരിക്കുന്ന അനുഗ്രഹങ്ങളെ അനുസ്മരിക്കുകയും ചെയ്തപ്പോൾ അദ്ദേഹം പറയുന്നത്,

**ഫഇദാ മരിദ്തു ഫഹുവ യശ്ഫീ**

ഞാൻ രോഗിയാകുമ്പോൾ അല്ലാഹു എനിക്ക് ശിഫാ നൽകുന്നു.

ഇവിടെ ഞാൻ രോഗിയാകുമ്പോൾ എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം ഒരു പച്ചയായ യാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. മനുഷ്യൻ അവന്റെ പ്രവർത്തനവൈകല്ല്യങ്ങൾ കാരണമായി രോഗിയാകുന്നു. തെറ്റ് ചെയ്യുന്നതുകാരണം പ്രകൃതി നിയമത്തിന്റെ പിടിയിൽ അവൻ വരുന്നു. അതുകൊണ്ടാണ് പറഞ്ഞത് ഞാൻ രോഗിയായിത്തീരുമ്പോൾ അല്ലാഹു എനിക്ക് ശിഫാ നൽകുന്നു എന്ന്. അല്ലാഹു അനുഗ്രഹം നൽകിയാൽ മാത്രമേ മനുഷ്യന് ശിഫ ലഭിക്കുകയുള്ളൂ. അല്ലാഹുവിന്റെ ഫള്ൽ ഇല്ലെങ്കിൽ എത്രതന്നെ ചികിത്സ ചെയ്താലും രക്ഷപ്പെടുന്നതല്ല. ഹദ്റത്ത് ഇബ്റാഹീം (അ) എന്റെ തെറ്റുകൾ കാരണം ഞാൻ രോഗിയായിത്തീരുമ്പോൾ എന്റെ നാഥൻ എന്നോട് കൃപകാണിച്ചുകൊണ്ട് എനിക്ക് സുഖം നൽകുന്നു എന്ന് പറഞ്ഞത് ഈ അർത്ഥത്തിലാണ്. ഇന്ന് കാണുന്ന ഈ ഔഷധങ്ങളെല്ലാം തന്നെ നമുക്ക് ലഭിച്ചിരിക്കുന്നതും അല്ലാഹുവിന്റെ കൃപ ഒന്നുകൊണ്ടുമാത്രമാണ്. ഈ മരുന്നുകൾ ഉപയോഗിക്കുന്നതുകാരണം അല്ലാഹു നമുക്ക് രോഗശമനവും നൽകുന്നു. ഈ ചികിത്സകൾ എല്ലാം ഗുണപ്രദമായിത്തീരുന്നതിന് അല്ലാഹുവിന്റെ കൃപയെ നമ്മിലേക്ക് ആകർഷിക്കുന്നവരായി നാം മാറണം. അല്ലാഹുവന്റെ സവിധത്തിൽ കുമ്പിടുന്നതിലൂടെയാണ് അത് കരസ്ഥമാകുന്നത്. അങ്ങിനെ അല്ലാഹു തന്റെ ദാസരുടെ ദുആ സ്വീകരിച്ചുകൊണ്ട് തന്റെ ശാഫീ എന്ന ഗുണം പ്രകടിപ്പിക്കുന്നു. അങ്ങിനെ രോഗി സുഖപ്പെടുന്നു. അല്ലാഹുവിന്റെ എല്ലാഗുണങ്ങളെ കുറിച്ചുമുള്ള തിരിച്ചറിവ് കരസ്ഥമാക്കുക എന്നതാണ് ഒരു വിശ്വാസിയുടെ മഹത്വം. ഇത് കരസ്ഥമാക്കുന്നവരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തുമാറാകട്ടെ. അല്ലാഹുതആല നമ്മുടെ ദുആകൾ സ്വീകരിച്ചുകൊണ്ട് നമ്മുടെ എല്ലാ രോഗികൾക്കും ശിഫാ നൽകുമാറാകട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 19 -12 - 2008 at**
**Baitul Futh**
**London**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**